


■ ഇശ്റത്തിന്റെ കുടുംബം (ഇൻസെറ്റിൽ ഇശ്റത്ത്)

# എന്തിനായിരുന്നു ആ കൊലപാതകം?

അന്തസ്സുറ്റ ജീവിതം നയിച്ചിരുന്ന കുടുംബത്തിന്റെ പ്രതീക്ഷ തകർത്തെറിഞ്ഞ വ്യാജ ഏറ്റുമുട്ടലിന്റെ ഉള്ളറകളിലേക്ക്........



**പിതാവ്** ബ്രെയ്ൻ ട്യൂമർ വന്ന് മരിക്കുമ്പോൾ ഇശ്റത്തിന് പതിനേഴ് തികഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളൂ. മുംബൈ നഗര പ്രാന്തമായ മംറയിലെ ഇടുങ്ങിയ വാടക മുറിയിൽ ദുഃഖാർത്തരായ വലിയൊരു കുടുംബം. ആറ് കുട്ടികളിൽ മൂത്തവളായിരുന്നില്ല ഇശ്റത്ത്. പക്ഷേ, അവൾക്കായിരുന്നു ഉത്തരവാദിത്വബോധവും ബുദ്ധിശക്തിയും കൂടുതൽ. ഹൈസ്കൂൾ വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ അയൽപക്കത്തെ വിദ്യാർഥികൾക്ക് അവൾ ട്യൂഷൻ എടുക്കാൻ തുടങ്ങി. കുട്ടികൾ നൽകിയിരുന്ന ഫീസ് ആ തയ്യൽകുടും

ബത്തിന്റെ ഉപജീവനമാർഗമായി.

സയൻസ് ബിരുദ കോഴ്സിനാണ് ഇശ്റത്ത് കോളേജിൽ ചേർന്നത്. വീട്ടിൽ പ്രാതൽ തയാറാക്കി വെച്ച ഉടനെ അവൾ കോളേജിലേക്ക് കുതിക്കും. തിരിച്ചുവന്ന് രണ്ട് ബാച്ചിലെ വിദ്യാർഥികൾക്ക് ട്യൂഷൻ എടുക്കും. ഉമ്മ ശമീമ മിക്ക സമയവും തുന്നൽ മെഷീന്റെ മുമ്പിലായിരിക്കും. സാരികളുടെ കരഭാഗം നന്നായി ത യ്ക്കുമായിരുന്നു അവർ. വീട്ടിലൊരു ടിവി പോലും സ്വന്തമായി ഉണ്ടായിരുന്നില്ല. സിനിമ കാണുന്നതിനോ കൂട്ടുകാരെ സന്ദർശിക്കുന്നതിനു പോലുമോ അനുവാദമു ണ്ടായിരുന്നില്ല. മിക്ക സമയവും ദൈനംദിന ജീവിതവുമായി കെട്ടുപിണഞ്ഞു കൊണ്ട ങ്ങനെ. പതിവ് പഠനവും തൊഴിലും സ്വപ്നങ്ങളുമായി കഴിയുന്നതിൽ അവർ വ്യാപൃ തരായിരുന്നു. പുറംലോകത്തെ കുറിച്ച് അവർക്കൊന്നും അറിയുമായിരുന്നില്ല.

## കരാള ദിനരാത്രങ്ങൾ

സ്കൂൾ പരീക്ഷ കഴിഞ്ഞുള്ള വേനലവധി കുടുംബത്തിന് ഏറെ പ്രയാസമുള്ള ദിനരാത്രങ്ങളായിരുന്നു. സ്കൂൾ വിദ്യാർഥികൾ അവധിയിലാണ്. അക്കാലത്താരും ഇശ്റത്തിന്റെയടുത്ത് ട്യൂഷന് വന്നിരുന്നില്ല. 2004 മാർച്ച് മാസം ജാവേദ് എന്ന മധ്യവയസ്കനെ ചില ബന്ധുക്കൾ കുടുംബത്തിന് പരിചയപ്പെടുത്തി. തന്റെ പെർഫ്യൂം ബിസിനസ്സിന്റെ മാർക്കറ്റിംഗിനും കണക്കുകൾ നോക്കാനും ഒരു സഹായിയെ തെരയുകയായിരുന്നു അയാൾ. മാസശമ്പളം 3500 രൂപ. ചില പുറം പ്രദേശങ്ങളിലേക്ക് കൂടി ഇടക്ക് പോകേണ്ടി വരും. അതിന് അധിക ബത്തയും നൽകും. ഇശ്റത്തിനെ ജോലിക്ക് അനുവദിക്കുകയല്ലാതെ ഏഴംഗ കുടുംബത്തിന്റെ വയറു നിറക്കാൻ അവളുടെ ഉമ്മക്ക് വേറെ മാർഗമുണ്ടായിരുന്നില്ല; വരുമാനം ശുഷ്കിച്ച വേനൽകാലത്ത് പ്രത്യേകിച്ചും. ആയിടെ ഇശ്റത്ത് രണ്ട് തവണ ചെറിയ യാത്രകൾ നടത്തി. പൂനയിലേക്കും ലഖ്നൗവിലേക്കും. ജൂൺ 11-നായിരുന്നു അവളുടെ അവസാന യാത്ര. സഹോദരൻ അവളെ ബസ്സ്റ്റാന്റിൽ കൊണ്ടാക്കി. നാസിക്കിൽ ജാവേദ് അവളെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. കാറിലാണ് അവിടുന്ന് മറ്റിടങ്ങ ളിലേക്കുള്ള യാത്ര.

ജൂൺ 16-ന് വൈകുന്നേരം ചില അപരിചിതർ ഇശ്റത്തിന്റെ വീട്ടിലെത്തി ചോദിച്ചു: നിങ്ങളാ വാർത്ത കേട്ടില്ലേ? ടിവി കണ്ടില്ലേ? ഇശ്റത്തിന്റെ കോളേജിൽ നിന്നാണ് വരുന്നതെന്നും കോളേജ് ആവശ്യങ്ങൾക്കായി അവളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ ആവശ്യമുണ്ടെന്നുമാണ് അവരാദ്യം പറഞ്ഞത്. ഏകദേശം രാത്രി 8 മണിയായപ്പോൾ ഞെട്ടിക്കുന്ന ആ വാർത്ത അവർ വെളിപ്പെടുത്തി. യഥാർഥത്തിൽ അവർ മാധ്യമപ്രവർത്തകരായിരുന്നു. പോലീസുമായുള്ള ഏറ്റുമുട്ടലിൽ ഇശ്റത്ത് കൊല്ലപ്പെട്ടിരിക്കുന്നു. മോഡിയെ കൊല്ലാനുള്ള ഗൂഢാലോചനയിൽ പ്രതിയായിരുന്നത്രെ ഇശ്റത്ത്. ഏറെ ഉദ്വേഗജനകമായ ആ വാർത്ത ചാനലുകൾ പകൽ മുഴുവൻ സംപ്രേഷണം ചെയ്തുകൊണ്ടിരുന്നു. ടിവി ചാനലുകൾക്ക് വേ ണ്ടിയാണ് അവളുടെ ഫോട്ടോഗ്രാഫ് അവരാവശ്യപ്പെട്ടത്.

പരിഭ്രാന്തരായ ഇശ്റത്തിന്റെ കുടുംബത്തിന് ഭയാനകവും ഞെട്ടലുളവാക്കുന്നതുമായിരുന്നു ആ വാർത്ത. ഇളയ സഹോദരങ്ങൾ മോഡിയെ കുറിച്ച് കേട്ടുകേൾവി പോലുമില്ലാത്തവരായിരുന്നു. 'ഏറ്റുമുട്ടൽ' എന്തെന്നും അവർ ക്കറിയുമായിരുന്നില്ല. സ്നേഹനിധിയായ ഇശ്റത്ത് പെട്ടെന്ന് മരിച്ചെന്നും ഭീകരവാ ദിയായി മുദ്രയടിക്കപ്പെട്ടെന്നും വിശ്വസിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. വെറും 19 വയസ് മാത്രമായിരുന്നു അവളുടെ പ്രായം.

**ഏതാനും ആഴ്ചകൾക്കകം മാധ്യമങ്ങൾ അവരെ കൈ യൊഴിഞ്ഞു; പോലീസ് പക്ഷേ അവരെ പിന്തുടർന്നുകൊണ്ടേയിരുന്നു. അയൽവാസികൾ തുടക്കത്തിൽ നല്ല പിന്തുണയായിരുന്നു. സഹായിക്കാൻ തുനിയുന്നവരെ പോലീസ് സ്റ്റേഷനിൽ വിളിപ്പിച്ച് ചോദ്യങ്ങൾ കൊണ്ട് പൊറുതിമുട്ടിക്കുകയായിരുന്നു. പിന്നെ നിരന്തരപീഡനവും. ഏറക്കുറെ ആ കുടുംബം ഒറ്റപ്പെട്ടു.**



■ മോഡിയുടെ ആയുധ പൂജ

ഒന്ന് സങ്കടപ്പെടാനുള്ള സമയം പോലും അവർക്ക് കിട്ടിയില്ല. രാത്രി 9 മണിയായപ്പോഴേക്കും പോലീസ് വീട്ടിലെത്തി. അവരെ പുറത്താക്കി വീടിന് സീൽവെച്ചു. ഭയവിഹ്വലരായ ആ കുടുംബത്തെയും കൊണ്ട് പോലീസ് സ്റ്റേഷനിലേക്ക് പുറപ്പെട്ടു. അപ്പോഴേക്കും പത്രപ്രവർത്തകരും ടെലിവിഷൻ കാമറകളും അവിടെ തടിച്ചു കൂടിയിരുന്നു. അർധരാത്രി രണ്ടര മണിയോടെ പോലീസ് അവരെ തിരികെ ഉപേക്ഷിച്ചു. ഉറക്കമില്ലാതെ ശമീമയും കുടുംബവും അടുത്തുള്ള കടയിലിരുന്ന് നേരം വെളുപ്പിച്ചു.

രാവിലെയായപ്പോഴേക്കും മാധ്യമപ്രവർത്തകരുടെ ഒരു വലിയ സംഘം തന്നെ എത്തിച്ചേർന്നു. വനിതാ പോലീസുകാർ സീലുവെച്ച വീട് സെർച്ച് നടത്താൻ തുടങ്ങി. കബോഡിലുള്ളതൊക്കെ അവർ പുറത്തേക്കെറിഞ്ഞു. കിടക്കകൾ കീറിപ്പറിച്ച് ഛിന്നഭിന്നമാക്കി. ഫർണിച്ചറുകൾ വലിച്ച് തലകുത്തനെയിട്ടു.

ഇശ്റത്തിന്റെ ഉമ്മ ചില കരുണാർദ്രരായ അയൽവാസികളുടെ സഹായത്താൽ തന്റെ മകളുടെ മൃതശരീരമേറ്റുവാങ്ങാൻ അഹ്മദാബാദിലേക്ക് തിരിച്ചു. പക്ഷേ അവിടെയുണ്ടായിരുന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥർ പാവം ഉമ്മയെ ഏറെ നേരം ശകാരിക്കുകയും ചോദ്യം ചെയ്യുകയുമാണുണ്ടായത്. ഒടുവിലവർ ശരീരം വിട്ടുകൊടുത്തു. മരത്തടിപോലെ കട്ടിയായി, രക്തം പുരണ്ട്, വെടിയുണ്ട ക്ഷതമേൽപ്പിച്ച് വികൃതമായ മുഖത്തോടുകൂടിയ ശരീരം. അവിടെ കൂടിയിരുന്ന മാധ്യമ പ്രവർത്തകർ മൃഗീയമായി തങ്ങളുടെ കാമറക്കണ്ണുകളുമായി അവരെ വളഞ്ഞു. മുംബൈ പ്രാന്തമായ മംറയിൽ പതിനായിരക്കണക്കിനാളുകൾ ഇശ്റത്തിന്റെ അന്ത്യകർമങ്ങൾക്ക് സാക്ഷികളായി. ഒത്തുകൂടിയവരുടെ മുഖങ്ങളിൽ ദുഃഖം തളംകെട്ടി നിന്നു. വ്യക്തിപരമായ നഷ്ടമായിട്ടാണ് അവർ സംഭവത്തെ കണ്ടത്.

### നിരന്തരപീഡനം

ഏതാനും ആഴ്ചകൾക്കകം മാധ്യമങ്ങൾ അവരെ കൈയൊഴിഞ്ഞു; പോലീസ് പക്ഷേ അവരെ പിന്തുടർന്നുകൊണ്ടേയിരുന്നു. അയൽവാസികൾ തുടക്കത്തിൽ നല്ല പിന്തുണ നൽകിയിരുന്നു. സഹായിക്കാൻ തുനിയുന്നവരെ പോലീസ് സ്റ്റേഷനിൽ വിളിപ്പിച്ച് ചോദ്യങ്ങൾ കൊണ്ട് പൊറുതിമുട്ടിക്കാൻ തുടങ്ങി. ഭീകരരോട് അനുഭാവം

കാണിക്കുന്നോ എന്നായിരുന്നു പോലീസിന്റെ ചോദ്യം. ഏറക്കുറെ ആ കുടുംബം ഒറ്റപ്പെട്ടു. 'ഞങ്ങൾ എന്തുകൊണ്ടാണ് ഇനിയും ജീവനോടെ ഇരിക്കുന്നതെന്ന് അത്ഭുതപ്പെട്ട പല സന്ദർഭങ്ങളും ഞങ്ങൾക്കുണ്ടായിട്ടുണ്ട്.' ഇശ്റത്തിന്റെ സഹോദരി മുസർറത്ത് ഓർമകൾ പെറുക്കിയെടുത്തു. 'എന്തുകൊണ്ടാണ് ഇപ്പോഴും ഞങ്ങൾ ശിക്ഷ അനുഭവിക്കുന്നത്?'

അവർ ഒരു പുതിയ വാടകവീട്ടിലേക്ക് മാറി താമസിച്ചു. ഉപ്പയും ഇശ്റത്തുമില്ലാത്ത ആ കുടുംബത്തിന് ബാധ്യതകൾ ഇരട്ടിക്കുകയായിരുന്നു. ആറംഗങ്ങളുള്ള കുടുംബത്തിന്റെ ഉപജീവനം തന്നെ അവർക്ക് വലിയ ഭാരമായി. മുസർറത്ത് പഠനം പാതിവഴിയിൽ ഉപേക്ഷിച്ചു. വസ്ത്രം തയ്ക്കുന്നതിൽ ഉമ്മയെ സഹായിക്കാൻ തുടങ്ങി. ഇളയ സഹോദരൻ അൻവറും തയ്ക്കുന്നതിൽ ഉമ്മയെ സഹായിച്ചു. എല്ലാവരും അവരെ ഒറ്റപ്പെടുത്തിയിരുന്നില്ല. പ്രദേശവാസികളിൽ ചിലർ അവർക്ക് വേണ്ടി ഉപജീവനാർഥം പണം സ്വരൂപിക്കാൻ തുടങ്ങി.

ഇശ്റത്തിന്റെ മരണത്തെ കുറിച്ച് സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് ഗുജറാത്ത് ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ സമർപ്പിക്കാനും അവർ ശമീമയെ സഹായിച്ചു. 2006-ൽ അവിചാരിതമായി അവരുടെ പ്രതീക്ഷക്ക് നിറംവെച്ചു. ഇശ്റത്തിനെ കൊലപ്പെടുത്തിയ വൻസാര അടക്കമുള്ള പോലീസ് ഓഫീസർമാർ സഹ്റാബുദ്ദീനെയും ഭാര്യയെയും മറ്റൊരു വ്യാജ ഏറ്റുമുട്ടലിൽ കൊലപ്പെടുത്തിയതിന്റെ പേരിൽ ജയിലിലായിട്ടുണ്ടെന്ന വാർത്തയുമായി ചില സുഹൃത്തുക്കൾ അവരുടെയടുത്ത് വന്നു.

തന്റെ മകളുടെ ഘാതകർ ആരെന്നറിയണമെന്നാവശ്യപ്പെട്ട് ഗുജറാത്ത് ഹൈക്കോടതി ചീഫ് ജസ്റ്റിസിന് ശമീമ ഒരു കത്തെഴുതി. കോടതിയിൽനിന്ന് അവർക്കതിൽ ഇതുവരെ ഒരു വിശദീകരണവും കിട്ടിയിരുന്നില്ല. മനുഷ്യാവകാശ പ്രവർത്തകരായ വൃന്ദാഗരോവർ, മുകുൽസിൻഹ എന്നിവരുടെ സഹായം ശമീമക്ക് ലഭിച്ചുകൊണ്ടിരുന്നു. ജാവേദിന്റെ പിതാവ് 2007-ൽ ഒരു പെറ്റീഷൻ സമർപ്പിച്ചിരുന്നു. രണ്ട് കൊല്ലത്തിന് ശേഷം സുപ്രീം കോടതിയിൽ പോകാനുള്ള ഉപദേശമാണ് അവർക്ക് ലഭിച്ചത്.

ഉന്നത കോടതികളിൽനിന്ന് വ്യക്തമായ മറുപടി കിട്ടാതിരുന്നപ്പോഴാണ് ഏറെയൊന്നും പ്രശസ്തനല്ലായിരുന്ന ജൂനിയർ മെട്രോപൊലിറ്റൻ മജിസ്ട്രേറ്റ് എസ്.പി തമംഗ് നീതിക്കും സത്യത്തിനും വേണ്ടി ധൈര്യസമേതം എഴുന്നേറ്റുനിന്നത്. ഏറ്റുമുട്ടൽ കൊലപാതകങ്ങൾ സാധാരണ പതിവനുസരിച്ച് അന്വേഷിക്കാനുള്ള ബാധ്യത കൂടി അദ്ദേഹത്തിനുണ്ടായിരുന്നു. ഫോറൻസിക് റിപ്പോർട്ടുകളും പ്രസ്താവനകളും അദ്ദേഹം പരിശോധിച്ചു. 2009 സെപ്റ്റംബർ 7-ന് ഏവരെയും സ്തബ്ധരാക്കി വളരെ വ്യക്തമായി തന്റെ റിപ്പോർട്ട് അദ്ദേഹം ഇങ്ങനെ അവസാനിപ്പിച്ചു: കൊലപാതകങ്ങളെ കുറിച്ചുള്ള പോലീസ് ഭാഷ്യം അബദ്ധജഡിലവും കള്ളക്കഥകൾ നിറഞ്ഞതുമാണ്!

ഇശ്റത്ത് ഒരു ലഷ്കറെ ത്വയ്യിബ ആക്ടിവിസ്റ്റാണെന്നാണ് പോലീസ് കുറ്റപത്രം. കൂടെ മൂന്ന് ഭീകരവാദികളെയും കൂട്ടി ഗുജറാത്ത് മുഖ്യമന്ത്രി മോഡിയെ വകവരുത്താൻ അവർ അഹ്മദാബാദിലേക്ക് പോവുകയായിരുന്നത്രെ. നേരത്തെ ലഭിച്ച രഹസ്യവിവരത്തെ തുടർന്നാണ് പോലീസ് അവരെ ചെയ്സ് ചെയ്ത് പിടിച്ചത്. വണ്ടി നിർത്താൻ പോലീസ് കാറിന്റെ ടയറിലേക്ക് വെടിവെച്ചു. വണ്ടി നിന്നപ്പോൾ ഭീകരർ പുറത്തിറങ്ങി പോലീസിന് നേരെ തുരുതുരാ വെടിയുതിർത്തു. ആത്മരക്ഷാർഥം

**യഥാർഥത്തിൽ 19 വയസ്സ് മാത്രം പ്രായമുള്ള കോളേജ് വിദ്യാർഥിനി ഉൾപ്പെടെയുള്ളവരെ പോലീസ് ക്രൂരമായി കൊന്നുതള്ളുകയായിരുന്നു. സത്യം മൂടിവെക്കാനുള്ള പോലീസ് ശ്രമത്തിൽ കൈപിഴകളുണ്ടായിരുന്നുവെന്ന് ഫോറൻസിക് തെളിവുകൾ വ്യക്തമാക്കുന്നു. എന്നിട്ടും ഏറ്റവും ഹീനവും സ്ഫോടനാത്മകവുമായ ഈ സത്യത്തെ അഭിമുഖീകരിക്കാൻ കോടതി തയാറായില്ല.**

പോലീസ് തുടർന്ന് നീണ്ട വെടിവെപ്പ് നടത്തി. പോരാട്ടത്തിനൊടുവിൽ നാലു പേരും കൊല്ലപ്പെടുകയായിരുന്നു!

## ഔദ്യോഗിക മൂടിവെപ്പ്

പോസ്റ്റ്മോർട്ടം റിപ്പോർട്ടും ഫോറൻസിക് തെളിവുകളും നന്നായി പരിശോധിച്ച ശേഷം, ഇശ്റത്തും മറ്റു മൂന്നുപേരും വെടിവെപ്പിന് മണിക്കൂറുകൾക്കു മുമ്പു തന്നെ വളരെ അടുത്തുനിന്നുള്ള പോലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ടിരുന്നു എന്ന് തമംഗ് അനിഷേധ്യമായി തെളിയിച്ചു. പിന്നീട് പോലീസ് തന്നെ മൃതശരീരങ്ങൾ റോഡ്സൈഡിൽ തള്ളി. പോലീസ് ജീപ്പിന് അവർ സ്വയം വെടിവെച്ചു. ഒരു എ.കെ 47 തോക്ക് കൊലപാതകിയുടെ കൈയിലും സ്ഫോടകവസ്തുക്കൾ അവരുടെ കാറിലും പോലീസ് തന്നെ വെച്ചുപിടിപ്പിച്ചു.

യഥാർഥത്തിൽ 19 വയസ്സ് മാത്രം പ്രായമുള്ള കോളേജ് വിദ്യാർഥിനി ഉൾപ്പെടെയുള്ളവരെ പോലീസ് ക്രൂരമായി കൊന്നുതള്ളുകയായിരുന്നു. സത്യം മൂടിവെക്കാനുള്ള പോലീസ് ശ്രമത്തിൽ കൈപിഴകളുണ്ടായിരുന്നുവെന്ന് ഫോറൻസിക് തെളിവുകൾ വ്യക്തമാക്കുന്നു. എന്നിട്ടും ഏറ്റവും ഹീനവും സ്ഫോടനാത്മകവുമായ ഈ സത്യത്തെ അഭിമുഖീകരിക്കാൻ കോടതി തയാറായില്ല. അതാണ് തമംഗ് ചെയ്തത്.

ഇശ്റത്തിന്റെ കുടുംബത്തിനും ഈ വാർത്ത അവിശ്വസനീയമായിരുന്നു. എങ്കിലും ദുഃഖിതരായ ആ കുടുംബത്തിന് അതൊരു സന്തോഷവാർത്തയാണ്. തങ്ങളുടെ സ്നേഹഭാജനമായ ഇശ്റത്ത് ക്രൂരമായി കൊലചെയ്യപ്പെട്ട സാഹചര്യം വ്യക്തമാക്കുന്നതായിരുന്നു ആ റിപ്പോർട്ട്. ഇതവളുടെ നിരപരാധിത്വം തെളിയിക്കുന്നതും യൂണിഫോം ധാരികളായ കൊലപാതകികളെ പുറത്തുകൊണ്ടുവരുന്നതുമായിരുന്നു. കഴിഞ്ഞ അഞ്ചു വർഷക്കാലം, ഒരിക്കലും അവസാനിക്കില്ലെന്ന് കരുതി ആ കുടുംബം അനുഭവിച്ച സാമൂഹികഭ്രഷ്ടിന്റെയും ഏകാന്തതയുടെയും ഇരുട്ടിൽ നിന്നുള്ള മോചനം കൂടിയാണ് അവർക്ക് സാധ്യമായത്. വർഷങ്ങൾക്ക് ശേഷം, വീണ്ടും തല ഉയർത്തിപ്പിടിച്ച് അവർക്കിനി വീട്ടിൽനിന്ന് പുറത്തിറങ്ങാം. പുത്തൻ പ്രതീക്ഷകളോടെ പുതിയൊരു ജീവിതം. ഈ പ്രതീക്ഷ ദുർബലവും ബലഹീനവും താൽക്കാലികവുമായിരിക്കാമെങ്കിലും..... ■

(*ദ ഹിന്ദു*, 8.11.2009)

**വിവ: ജസീം തിരൂർ**